# CENTRAL BOARD OF SECONDARY EDUCATION

## SAMPLE QUESTION PAPER FOR TERM II AISSCE 2021

**Class:XII**

**MALAYALAM (മലയാളം) Code – 112**

Time allowed : 2 Hrs. Max Marks: 40

This question paper is divided into two sections

Section A : Grammar and Composition. – 14 marks

Section B : Literature. – 26 marks

---

## Section A – Grammar & Composition

I. **തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** 2x2=4

a. ഫലോത്പ്രേക്ഷ എന്താണെന്ന് ഉദാഹരണസഹിതം വിശദമാക്കുക

b. വീതാസ്ഥയായ് സുദതീ തങ്ങളിലെങ്കിലും തൻ

പൂതാസ്പദ പ്രണയബന്ധവശാൽ കണക്കെ,

ശ്രീതാവുമത്തനുവിലാകുലമട്ടിൽ നിൽപു –

ണ്ടേതാനുമുത്തമ വിഭൂഷകളങ്ങുമിങ്ങും.' – ഈ വരികളിലെ

അലങ്കാരമേത്? വിവരിക്കുക.

**2. a. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.** 1x5=5

(I) നിത്യജീവിതത്തിൽ നവമാധ്യമങ്ങളുടെ കടന്നുകയറ്റം

(ii) ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീ സമൂഹം

b അരാജകമായ അവസ്ഥയിൽപ്പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു.

പത്രങ്ങൾ നടത്തുന്ന സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് പ്രമുഖ പത്രത്തിന്റെ  പത്രാധിപർക്ക് കത്തു തയ്യാറാക്കുക. 1x5=5

## Section B – Literature

3. **a. തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലുംമൂന്നെണ്ണത്തിന് ഉത്തരമെഴുതുക.** 3X2=6

(i) നവമാധ്യമങ്ങളുടെ ദുരുപയോഗം സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതെങ്ങനെ ?

(ii) ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന വിളിപ്പേര് സാമൂഹിക മാധ്യമങ്ങൾക്ക് ലഭിക്കാൻ കാരണമെന്ത്?

(iii) 'കുലനാരിക്കരുത് കോപം'- ഈ വരിയിലൂടെ കവി ആവിഷ്കരിക്കുന്ന മൂല്യങ്ങളെന്തെല്ലാം?

(iv) ശീലാവതിയനുഭവിക്കുന്ന മാനസിക പീഡനങ്ങളെ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

b. **തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലുംഅഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. 5X3=15**

(i) സാമൂഹിക മാധ്യമങ്ങളുടെ സാധ്യതകളേയും സവിശേഷതകളേയും കുറിച്ച്  വിവരിക്കുക.

(ii) ഇ-മലയാളത്തിന്റെ പ്രവർത്തനമേഖല വിപുലമായിക്കൊണ്ടിരിക്കുന്നു എന്ന് വി കെ ആദർശ് അഭിപ്രായപ്പെടാൻ കാരണമെന്ത്?

(iii) പരമ്പരാഗത മാധ്യമങ്ങളിൽ നിന്നും സാമൂഹികമാധ്യമങ്ങൾ ഏതെല്ലാം നിലകളിൽ വ്യത്യസ്തമായിരുന്നു. വിശദമാക്കുക.

(iv) കേശിനിയുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക

(v).സ്ത്രീ ജീവിതത്തിന്റെ വേദനകളോട് അനുതാപപൂർണ്ണമായ മനോഭാവം പുലർത്തിയിരുന്ന കവിയാണ് കുഞ്ചൻ നമ്പ്യാർ. വിവരിക്കുക.

(vi) ബാഹുകവേഷത്തിൽ ഋതുപർണനോടൊപ്പം എത്തിച്ചേർന്നത് നളൻ തന്നെയാണെന്ന് ദമയന്തിക്ക് ഉറപ്പുനൽകാൻ കേശിനി നൽകിയ സൂചനകളെന്തെല്ലാമായിരുന്നു?

4. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

1x5=5

(i) സ്വന്തം എഴുത്തിനെക്കുറിച്ച് എം ടി വരച്ചിടുന്ന ചിത്രങ്ങൾ അമ്മയ്ക്ക് എന്ന കൃതിയെ ആസ്പദമാക്കി വിവരിക്കുക.

(ii) കളങ്കമേൽക്കാത്ത ഗ്രാമസൗഹൃദത്തിന്റെ ആഘോഷങ്ങളാണ് അഭയം തേടുന്ന തുമ്പപ്പൂവ്, ഉത്സവകാലം തുടങ്ങിയ അദ്ധ്യായങ്ങളിലൂടെ എം ടി വരച്ചു കാട്ടുന്നത്. സമർത്ഥിക്കുക.